©
**കേരള സർക്കാർ**
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 14** Vol. XIV | **തിരുവനന്തപുരം, ചൊവ്വ** Thiruvananthapuram, Tuesday | **2025 ഡിസംബർ 16** 16th December 2025 **1201 ധനു 1** 1st Dhanu 1201 **1947 അഗ്രഹായനം 25** 25th Agrahayana 1947 | **നമ്പർ** No. | **4212** |

**കേരള സർക്കാർ**

**ആഭ്യന്തര (രഹസ്യ വിഭാഗം - എ) വകുപ്പ്**
**വിജ്ഞാപനം**

ആഭ്യന്തരം-എസ്.എസ്.എ 2/67/2021-ആഭ്യന്തരം. *തിരുവനന്തപുരം, 2025 ഡിസംബർ 15*
*1201 വൃശ്ചികം 29*
*1947 അഗ്രഹായനം 24.*

**എസ്. ആർ. ഒ. നമ്പർ 1359/2025**

1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്റ്റിലെ (1952-ലെ 60-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, അതായത്, കേരളത്തിൽ 2020 ജൂലൈ മുതൽ വിവിധ കേന്ദ്ര ഏജൻസികൾ നടത്തി വരുന്ന അന്വേഷണങ്ങൾ വഴിമാറുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വസ്തുനിഷ്ഠമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു അന്വേഷണ കമ്മീഷനെ നിയമിക്കേണ്ടത് ആവശ്യമാണെന്ന് കേരള സർക്കാരിന് അഭിപ്രായമുള്ളതിനാൽ പ്രസ്തുത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാര്യങ്ങൾ അന്വേഷിക്കുന്നതിന് ശ്രീ.വി.കെ.മോഹനനെ [(റിട്ട. ഹൈക്കോടതി ജഡ്ജി) വലിയപറമ്പിൽ ഹൗസ്, ഹൗസ് നമ്പർ 7/252- സി, തിരുവാതിര, അമ്പാടിമുക്ക്, കാക്കനാട്, കൊച്ചി -20] അന്വേഷണ കമ്മീഷനായി നിയമിച്ചുകൊണ്ട് 2021 മെയ് 7-ാം തീയതിയിലെ ആഭ്യന്തരം-എസ്എസ്എ 2/67/2021-ആഭ്യന്തരം നമ്പരായി പുറപ്പെടുവിച്ചതും, 2021 മെയ് 7-ാം തീയതിയിലെ 1562-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 389/2021 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം താഴെപ്പറയും പ്രകാരം ഇതിനാൽ ഭേദഗതി വരുത്തുന്നു, അതായത്:-

**ഭേദഗതി**

മേൽപറഞ്ഞ വിജ്ഞാപനത്തിലെ 4-ാം ഖണ്ഡികയിൽ, "അൻപത്തി നാല് മാസത്തിനകം" എന്ന വാക്കുകൾക്കു പകരം "അറുപത് മാസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ബിശ്വനാഥ് സിൻഹ**
***ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി***

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

പൊതു പ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയം, അതായത്, കേരളത്തിൽ 2020 ജൂലൈ മുതൽ വിവിധ കേന്ദ്ര ഏജൻസികൾ നടത്തി വരുന്ന അന്വേഷണങ്ങൾ വഴിമാറുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വസ്തുനിഷ്ഠമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി എസ്.ആർ.ഒ.389/2021-ാം നമ്പർ വിജ്ഞാപന പ്രകാരം നിയമിച്ച ശ്രീ.വി.കെ.മോഹനൻ (റിട്ട.ഹൈക്കോടതി ജഡ്ജി) അന്വേഷണ കമ്മീഷന്റെ കാലാവധി 2025 നവംബർ 06-ന് അവസാനിച്ചു. 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പ്രസ്തുത വിജ്ഞാപനത്തെ ചോദ്യം ചെയ്തുകൊണ്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ WP(C) No.13112/ 2021 എന്ന ഹർജി ഫയൽ ചെയ്തു. 2021 മെയ് 7-ാം തീയതിയിലെ പ്രസ്തുത വിജ്ഞാപനം നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ടും 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്റ്റിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിവിധ വകുപ്പുകളിൻ കീഴിൽ എന്തെങ്കിലും അധികാരം വിനിയോഗിക്കുന്നതിനോ അല്ലെങ്കിൽ എന്തെങ്കിലും നടപടിയെടുക്കുന്നതിനോ അഞ്ചാമത്തെ എതിർ കക്ഷിയായ കമ്മീഷനെ വിലക്കിക്കൊണ്ട് പ്രസ്തുത കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2021 ആഗസ്റ്റ് 11-ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു.

ടി ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ ബഹു.കേരള ഹൈക്കോടതിയിൽ ഒരു റിട്ട് അപ്പീൽ (W.A. No.1532 of 2021) സമർപ്പിക്കുകയും 26.09.2025-ലെ വിധിന്യായപ്രകാരം WP(C) നമ്പർ 13112/2021-ൽ സിംഗിൽ ജഡ്ജി പുറപ്പെടുവിച്ച 11.08.2021-ലെ ഇടക്കാല ഉത്തരവ് ശരിവച്ചുകൊണ്ട് ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പ്രസ്തുത റിട്ട് അപ്പീൽ തള്ളുകയും ചെയ്തിരുന്നു.

ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ W.A നമ്പർ 1532/2021-ലെ 26.09.2025-ലെ വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ സമർപ്പിക്കുവാൻ കേരള സർക്കാർ തീരുമാനിക്കുകയുണ്ടായി. വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള കമ്മീഷന്റെ കാലയളവ് 2025 നവംബർ 6-ന് അവസാനിച്ചതിനാൽ പ്രസ്തുത കാലയളവ് ദീർഘിപ്പിച്ച് നൽകേണ്ടതുണ്ട്. W.P.(C) No.13112/2021-ൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായും ബഹു. സുപ്രീം കോടതിക്ക് മുമ്പാകെ സമർപ്പിക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷന്റെ തീർപ്പിനും വിധേയമായി കമ്മീഷന്റെ കാലാവധി 2025 നവംബർ 07 മുതൽ ആറ് മാസത്തേക്ക് കൂടി നീട്ടുവാനും, അതിനായി 2021 മെയ് 7-ാം തീയതിയിലെ ആഭ്യന്തരം-എസ്എസ്എ 2/67/2021-ആഭ്യന്തരം നമ്പരായി പുറപ്പെടുവിച്ചതും, 2021 മെയ് 7-ാം തീയതിയിലെ 1562-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 389/2021 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം ഭേദഗതി ചെയ്യുവാനും സർക്കാർ തീരുമാനിച്ചു.

മേൽപറഞ്ഞ ആവശ്യം നിറവേറ്റുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**GOVERNMENT OF KERALA**

**Home (Secret Section – A) Department**

**NOTIFICATION**

Home-SSA2/67/2021-Home. *Dated, Thiruvananthapuram, 15th December 2025*
*29th Vrischikam 1201*

**S. R. O. No. 1359/2025**

*24th Agrahayana 1947.*

In exercise of the powers conferred by section 3 of the Commissions of Inquiry Act, 1952 (Central Act 60 of 1952) the Government of Kerala hereby make the following amendment to the notification issued under No.Home-SSA2/67/2021-Home dated 7th May, 2021 and published as S.R.O. No.389/2021 in the Kerala Gazette Extraordinary No.1562 dated 7th May, 2021 appointing Shri V.K.Mohanan [(Retired High Court Judge) Valiyaparambil House, House No. 7/252-C, Thiruvathira, Ambadimukku, Kakkanad, Kochi-20] as Commission of Inquiry to examine objectively into a definite matter of public importance, namely, the matters relating to the diversion of investigations conducted by various Central Agencies in Kerala from July 2020, and to submit a report in that regard namely:-

**AMENDMENT**

In the above said notification, in the 4th paragraph, for the words "within fifty four months" the words "within sixty months" shall be substituted.

**By order of the Governor,**

**BISHWANATH SINHA**

***Additional Chief Secretary to Government.***

**Explanatory Note**

(This does not form the part of the notification, but is intended to indicate its general purport.)

The term of office of Shri V.K.Mohanan, (Rtd. High Court Judge) Commission of Inquiry appointed vide notification issued as S.R.O. No.389/2021, to examine

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

objectively into a definite matter of public importance, namely, the matters relating to the diversion of investigations conducted by various Central Agencies in Kerala from July 2020, and to submit a report in this regard expired on 6th November, 2025. The Enforcement Directorate had preferred WP(C) No.13112 of 2021, before the Hon'ble High Court of Kerala challenging the said notification, issued by the State Government in exercise of the powers under section 3 of the Commissions of Inquiry Act, 1952. The Hon'ble High Court of Kerala has granted an interim order on 11th August, 2021 staying the operation of the said notification dated 7th May, 2021 and restraining the 5th respondent Commission from exercising any power or taking any action under the provisions of the Commissions of Inquiry Act, 1952.

A Writ Appeal (W.A. No. 1532 of 2021) was preferred by the State before the Hon'ble High Court of Kerala against the order dated 11th August, 2021. And as per the judgment dated 26.09.2025, the division bench of the Hon'ble High Court has dismissed the Writ appeal, by affirming the interim order dated 11.08.2021 passed the Single Judge in WP(C) No.13112/2021.

The State Government has decided to prefer Special Leave Petition before the Hon'ble Supreme Court against the judgment dated 26.09.2025 of the Division bench of Hon'ble High Court in W.A. No.1532/2021. As the period of the Commission specified in the notification has expired on 6th November, 2025 it is necessary to extend the said period. Therefore Government have decided to extend the term of the Commission for a further period of six months from 7th November, 2025 and consequently amend the notification issued under No.Home-SSA2/67/2021-Home dated 7th May, 2021 and published as S.R.O. No.389/2021 in the Kerala Gazette Extraordinary No.1562 dated 7th May 2021, subject to the directions issued by the Hon'ble High Court of Kerala in W.P.(C) No.13112 of 2021 and further subject to the outcome of the Special Leave Petition to be filed before the Hon'ble Supreme Court of India.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.16 02:06:29 +05:30